Rediffusion/Edelman

| Published Date: | 11 Oct 2017 | Publication: | Madhyamam |
|---|---|---|---|
| Edition: | Kochi | Page No: | 4 |

# സരസ്വതി വിദ്യാനികേതൻ ജേതാക്കൾ

കൊച്ചി: ടാറ്റ കൺസൽട്ടൻസി സർവിസസ് (ടി.സി.എസ്) സംഘടിപ്പിച്ച ഇൻറർ സ്കൂൾ ക്വിസ് മത്സരത്തിൻെറ കൊച്ചി എഡിഷൻ മേഖലതല ഫൈനലിൽ സരസ്വതി വിദ്യാനികേതൻ സ്കൂളിലെ ബി. ധനഞ്ജയും പ്രത്യുഷ് പത്മനാഭനും വിജയികളായി. 60,000 രൂപയുടെ ഗിഫ്റ്റ് വൗച്ചറാണ് സമ്മാനം. നേവി ചിൽഡ്രൻ സ്കൂളിലെ അർജുൻ സുനിലും നന്ദു കൃഷ്ണനും രണ്ടാം സ്ഥാനത്തെത്തി. 40,000 രൂപയുടെ ഗിഫ്റ്റ് വൗച്ചറാണ് ഇവർക്ക് ലഭിച്ചത്. വിജയികളായ ടീമിന് രക്ഷിതാവിനോ അധ്യാപകർക്കോ ഒപ്പം മുംബൈയിലെ ദേശീയ ഫൈനലിന് വിമാനത്തിൽ യാത്ര ചെയ്യാം. കലക്ടർ കെ. മുഹമ്മദ് വൈ. സഫീറുല്ല സമ്മാനദാനം നിർവഹിച്ചു. ടി.സി.എസ് കേരള വൈസ് പ്രസിഡൻറും ഡെലിവറി സെൻറർ മേധാവിയുമായ ദിനേശ് പി. തമ്പി സംബന്ധിച്ചു. ക്വിസ് മാസ്റ്റർ ഗിരി പിക്ബ്രെയിൻ ബാലസുബ്രഹ്മണ്യം നേതൃത്വം നൽകി.